എന്നിവ അനുവദിക്കാത്തതു കാരണം പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കൊല്ലംതന്നെ പ്രസ്തുത വാർഡ് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) ആവശ്യമായ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി പരിശോധിക്കുന്നതാണ്. ഫർണിച്ചർ അനുവദിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമാണ്.

195 (1799) തുറമുഖ വികസനം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി കഴിഞ്ഞ സർക്കാർ ഏതൊക്കെ സംരംഭങ്ങളിൽ തുടക്കം കുറിച്ചുവെന്ന് വ്യക്തമാക്കുമോ; അതിൽ ഏതിലെല്ലാം ഈ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ചെറുകിട തുറമുഖങ്ങളുടെ വികസനത്തോടൊപ്പം തീരക്കടലിലൂടെയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കണമെന്നുള്ള വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി സർക്കാർ മുതൽമുടക്കിലും സ്വകാര്യ പങ്കാളിത്തത്തോടെയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. സർക്കാർ മുതൽമുടക്കിൽ വിഴിഞ്ഞം തുറമുഖത്ത് ഷിപ്പിംഗ് പ്രവർത്തനത്തിനായി ഒരു മൊബൈൽ ക്രെയിൻ വാങ്ങിയിട്ടുണ്ട്. കമ്മ്യൂണിക്കേഷൻ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വി.എച്ച്.എഫ് സംവിധാനം ഏർപ്പെടുത്തി. സിഗ്നൽ സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായി. ഒരു 600 എച്ച്.പി. ടഗ്ഗിന്റെ നിർമ്മാണം നടന്നുവരുന്നു.

നീണ്ടകര തുറമുഖത്ത് ഒരു വാർഡും ഒരു സ്ലിപ് വേയും നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു 200 എച്ച്.പി.എസ്.പി. ബാർജ്ജും ഒരു 150 ടൺ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ബാർജ്ജും നിർമ്മിക്കുവാൻ ഓർഡർ നൽകിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ ആവശ്യങ്ങൾക്കായി രണ്ട് ടഗ്ഗുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. ബേപ്പൂർ തുറമുഖത്തിന്റെ ആവശ്യത്തിനുവേണ്ടി രണ്ട് ക്രയിനുകൾ വാങ്ങുന്നുണ്ട്. അവിടെ ഗോഡൗൺ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഒപ്പം 100 മീറ്റർ നീളമുള്ള പുതിയ വാർഫിന്റെ പണി പുരോഗമിക്കുന്നുണ്ട്. ഒരു ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

അഴീക്കൽ തുറമുഖത്ത് പുലിമുട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. ഈവക പ്രവർത്തനങ്ങൾ കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ തങ്കശ്ശേരി, കൊടുങ്ങല്ലൂർ എന്നീ തുറുമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതിന് സർക്കാർ 1994 ഏപ്രിലിൽ നയപരമായ തീരുമാനം എടുത്തു. ഇതനുസരിച്ച് പദ്ധതികൾ സ്വകാര്യസംരംഭകരിൽ നിന്നും ക്ഷണിക്കുകയും, വിഴിഞ്ഞം ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, തങ്കശ്ശേരി എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി ധാരണാപത്രങ്ങൾ ഒപ്പു വയ്ക്കുകയുമുണ്ടായി. ബേപ്പൂർ തുറമുഖ വികസനത്തിനുള്ള വി.ഒ.ടി. എഗ്രിമെന്റ് 4..98-ലും വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായുള്ള എഗ്രിമെന്റ് 15.11.99-ലും സർക്കാർ ഒപ്പുവയ്ക്കുകയുണ്ടായി. മറ്റു പദ്ധതികളുടെ നടത്തിപ്പിനായുള്ള എഗ്രിമെന്റ് താമസിയാതെ ഒപ്പുവയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി)&(ഡി) അത്തരം ഒരു ശുപാർശ സർക്കാരിന്റെ പരിഗണനയിലില്ല. തീരദേശയാത്രാ ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

196 (1800) കൊടുങ്ങല്ലൂർ തുറമുഖ വികസനം

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിന് വേണ്ടി ഒപ്പിട്ട കരാർ അനുസരിച്ചുള്ള പണികൾ എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ബി) തുറമുഖത്തിന്റെ ജോലികൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുവേണ്ടി മുംബൈയിലെ സൗരാഷ്ട്രാ സിമന്റ്സുമായി സർക്കാർ ഒരു ധാരണാപത്രത്തിൽ 7.6.1998-ൽ ഒപ്പുവച്ചിട്ടുണ്ട്. ഇതനുസരിച്ച് ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബി.ഒ.ടി) എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ട്. ഇതു പരിശോധിച്ചു വരുന്നു. ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പ് വച്ചതിനുശേഷമേ ഡീറ്റയിൽഡ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുള്ളൂ. ഡീറ്റയിൽഡ് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർന്നുള്ള നടപടികൾ സ്വീകരിക്കുക എത്രയും വേഗം വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly